പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6176 | 07.11.2016-ൽ മറുപടിയ്ക്ക് |
|---|---|

**അറവുശാല മാലിന്യങ്ങളും വീട്ടുമാലിന്യങ്ങളും പൊതു നിരത്തുകളിൽ ഉപേക്ഷിക്കുന്നതായ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് അറവുശാല മാലിന്യങ്ങളും വീട്ടുമാലിന്യങ്ങളും പൊതു നിരത്തുകളിൽ ഉപേക്ഷിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതുനിരത്തുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 പ്രകാരം അത്തരം പ്രവർത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ടി സെക്ഷൻ പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇടുവിക്കുകയോ ചെയ്യുന്നവർക്കെതിരെ തൽസമയം തന്നെ 250/-രൂപയിൽ കവിയാത്ത തുക പിഴ ശിക്ഷയായി ചുമത്താവുന്നതാണ് അപ്രകാരം ചുമത്തിയ പിഴ തുക 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടക്കാത്ത പക്ഷം അയാളുടെ മേൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതുമാണ്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനായി നഗരസഭാ തലത്തിൽ ആരോഗ്യ വിഭാഗം ജീവനക്കാരുടെ സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219(യു) പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തിക്കൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിയ്ക്കോ, സെക്രട്ടറി ചുമതലപ്പെടുത്തിയ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച ശേഷം ആധികാരികതയുള്ള സബ് ഡിവിഷൽ മജിസ്ട്രേറ്റ് മുമ്പാകെ |

| | | | |
|---|---|---|---|
| | | | ഹാജരാക്കാവുന്നതും വാഹനം കണ്ട് കെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ